**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - ആലപ്പുഴ പുളിങ്കുന്ന് ഗ്രാമപഞ്ചായത്ത് "കുടിവെള്ളം ശേഖരിച്ച് വയ്ക്കുന്നതിന് കുടിവെള്ള ടാങ്കിന്റെ വിതരണം" എന്ന പ്രോജക്ട് നടപ്പിലാക്കുവാൻ വികസന ഫണ്ട് / തനത് ഫണ്ട്/ ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്**

സ.ഉ.(സാധാ) നം. 2662/2019/തസ്വഭവ തിരുവനന്തപുരം, തീയതി, 25/11/2019

പരാമർശം:- 1) വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 31/12/2018 ലെ 4(34) നമ്പർ തീരുമാനം.

2) പുളിങ്കുന്ന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 03/9/2019 ലെ നം.എ.4-5276/16 നമ്പർ കത്ത്.

3) വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 26/09/2019 ലെ തീരുമാനം നമ്പർ 4.28.

**<u>ഉത്തരവ്</u>**

"കുടിവെള്ളം ശേഖരിച്ച് വയ്ക്കുന്നതിന് കുടിവെള്ള ടാങ്കിന്റെ വിതരണം" എന്ന (ജനറൽ) പ്രോജക്ട് ഗവ.സബ്സിഡി മാർഗ്ഗനിർദ്ദേശത്തിൽ ഇല്ലാത്തതിനാൽ ആലപ്പുഴ ജില്ലയിലെ പുളിങ്കുന്ന് ഗ്രാമപഞ്ചായത്തിൽ നിന്നും കോ-ഓർഡിനേഷൻ കമ്മിറ്റി മുമ്പാകെ സമർപ്പിച്ചിരുന്ന നമ്പർ SO110/2020 എന്ന പ്രോജക്ട് പരാമർശം(1) തീരുമാനപ്രകാരം നിരസിച്ചിരുന്നു. ടി സാഹചര്യത്തിൽ ടി ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്തുകൊണ്ട് പ്രസ്തുത പദ്ധതിക്ക് അനുമതി നൽകണമെന്ന് പരാമർശം (2) പ്രകാരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ആവശ്യപ്പെട്ടിരുന്നു. ഈ വിഷയം പരാമർശം 3 ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി 26/09/2019 ൽ പരിഗണിച്ചിരുന്നു.

വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ പരാമർശം 3 ലെ 4.28 നമ്പർ തീരുമാനപ്രകാരം, പുളിങ്കുന്ന് ഗ്രാമപഞ്ചായത്തിൽ കുടിവെള്ളം ശേഖരിച്ച് വയ്ക്കുന്നതിന് കുടിവെള്ള ടാങ്കിന്റെ വിതരണം എന്ന പ്രോജക്ട് നടപ്പാക്കുന്നതിനായി വ്യക്തിഗത ഗുണഭോക്താക്കൾക്ക് വികസന ഫണ്ടോ തനത് ഫണ്ടോ ഉപയോഗിക്കുന്നതിനും, ഒരു ക്ലസ്റ്ററിന് പൊതുവായി ഉപയോഗിക്കുവാനുള്ള ടാങ്കാണെങ്കിൽ ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിക്കുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

ബീനമോൾ.കെ.ജെ,

**ഡെപ്യൂട്ടി സെക്രട്ടറി.**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ

പ്രസിഡന്റ്/സെക്രട്ടറി, പുളിങ്കുന്ന് ഗ്രാമപഞ്ചായത്ത്, ആലപ്പുഴ.

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ